"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ ബിപിൻ പ്രസാദ് കെ, അസിസ്റ്റന്റ് സർജൻ - നിയമനത്തിനായി കാത്ത് നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2507/2024/H&FWD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.01.2024, 21-08-2024 തീയതികളിലെ EA2-24470/2023/DHS നമ്പർ കത്ത്.

**ഉത്തരവ്**

2023 പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് ഇരിവള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്ന ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ ഡോ. ബിപിൻ പ്രസാദിന്, ഡോ. സോണിയ മാർഗരറ്റ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA (EKM) 926/2023 നമ്പർ കേസിലെ സ്റ്റേ ഉത്തരവ് കാരണം കോഴിക്കോട് ഇരിവള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. ടിയാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ മുൻപാകെ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഡോ. ബിപിൻ പ്രസാദിനെ പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിൽ 20-07-2023 മുതൽ 25-10-2023 വരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. OA(EKM) 926/23 മേലുള്ള ബഹു.ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഡോ. സോണിയ മാർഗരറ്റ് സമർപ്പിച്ച അപ്പീൽ നിരസിച്ചതിനെ തുടർന്ന് ഡോ. ബിപിൻ പ്രസാദ് ഇരിവള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവ് കാരണം ജോലിയിൽ പ്രവേശിക്കുവാൻ കഴിയാതിരുന്ന 20-07-2023 മുതൽ 25-10-2023 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ ഡോ. ബിപിൻ പ്രസാദ് നിയമനത്തിനായി കാത്തിരുന്ന 20-07-2023 മുതൽ 25-10-2023 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒഴിവ് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ ടി കാലയളവ് കെ.എസ്.ആർ ഭാഗം 1 ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീന ഷംസുദ്ദീൻ

ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.

ഡോ. ബിപിൻ പ്രസാദ്, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (18-05-2024 ലെ No:2764912/HLT-B2/106/2024-FIN പ്രകാരം).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 21-10-2024 17:09:28

**മേലെഴുത്ത് നം: ഇ.എ2-24470/2023/ആ.വ.ഡ തീയതി25-10-2024**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**Signed by V. Gopakumar**
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി
**Date: 25-10-2024 13:04:39**